(ബി) എങ്കിൽ പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ പ്രോജക്ട് ശ്രീ. അനിരുദ്ധൻ, ശ്രീകണ്ഠപുരം, തളിപ്പറമ്പ്, കണ്ണൂർ എന്ന വ്യക്തിക്ക് പ്രതിമാസം ഒരു ലക്ഷം രൂപ നിരക്കിൽ 2 വർഷത്തേക്ക് ലീസിന് കൊടുത്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

220 (8281) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ മണ്ഡലാടി സ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കര വെട്ടിക്കോട്ട് ചാൽ നവീകരണവുമായി ബന്ധപ്പെട്ട് എം.എൽ.എ. നൽകിയ വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; ഇതിന്റെ പേയൽ നമ്പർ ലഭ്യമാക്കുമോ ;

(സി) 2014-15 വർഷത്തിൽ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലം:- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി അരൂക്കുറ്റിയിൽ ഹൗസ്ബോട്ട് ടെർമിനൽ നിർമ്മിക്കുന്നതിനും തഴപ്പിൽ മൈക്രോ ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചേർത്തല മണ്ഡലം:- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി അർത്തുങ്കലിൽ ബീച്ച് നവീകരണം നടന്നുവരുന്നു. തണ്ണീർമുക്കത്ത് ഹൗസ് ബോട്ട് ടെർമിനൽ സമാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മണ്ഡലം :- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പുന്നമടയിലെ ടൂറിസം ടെർമിനൽ വികസനവും വാടായിക്കനാൽ, കൊമേഴ്യൽ കനാൽ തുടങ്ങിയവയുടെ നവീകരണവും ടൂറിസം പാക്കേജ് എന്ന നിലയിൽ ആലപ്പുഴയിലെ പൈതൃക കെട്ടിടങ്ങളുടെയും നിരത്തുകളുടെയും സംരക്ഷണവും വികസനവും നടന്നുവരുന്നു. പുന്നമട ഫിനിഷിംഗ് പോയന്റിൽ ജവഹർലാൽ നെഹ്റുവിന്റെ പ്രതിമ സ്ഥാപിക്കുകയും സ്ഥിരം ഗാലറിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ പുന്നമട ഫിനിഷിംഗ് പോയന്റിൽ ഹൗസ് ബോട്ട് ടെർമിനൽ കോംപ്ലക്സിന്റെ പരിസരം ലാൻഡ് സ്കേപ്പിംഗ് നടത്തി ഭംഗിയാക്കുന്ന ജോലിയും പൂർത്തീകരിച്ചു. പുങ്കാവ് പള്ളിയോട് ചേർന്നുള്ള കോസ്റ്റൽ ഹെറിറ്റേജ് മ്യൂസിയം പൂർത്തിയായി. ആലപ്പുഴ ബീച്ചിലെ നടപ്പാത വൈദ്യുതീകരിച്ച് വിളക്കുകൾ സ്ഥാപിച്ചു.

അമ്പലപ്പുഴ മണ്ഡലം :- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി പുളിങ്കുന്നുരുത്തിയിലും തോട്ടപ്പള്ളിയിലും ഹൗസ് ബോട്ട് ടെർമിനലുകളുടെയും തോട്ടപ്പള്ളിയിൽ ബീച്ച് നവീകരണത്തിന്റെയും പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. വിജയാപാർക്കിന്റെയും സീവ്യൂ പാർക്കിന്റെയും നവീകരണം പൂർത്തിയായി. അമ്പലപ്പുഴ കുഞ്ചൻ സ്മൃതിമണ്ഡപം നവീകരണം പൂർത്തിയായി. തകഴി സ്മാരക നവീകരണത്തിനുള്ള പദ്ധതി തയ്യാറാക്കി ടെണ്ടർ ചെയ്തിരിക്കുകയാണ്.

കുട്ടനാട് മണ്ഡലം :- വട്ടക്കായലിൽ വഞ്ചിവീടുകളുടെ രാത്രികാല സങ്കേതത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കരുമാടി വിളക്ക് മരം രാത്രികാല സങ്കേത നിർമ്മാണത്തിന്റെയും കഞ്ഞിപ്പാടം, നെടുമുടി എന്നീ പ്രദേശങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളുടെയും വട്ടക്കായലിൽ എസ്.ടി.പി.-യുടെയും നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എച്ച്. ബ്ലോക്ക് കായലിൽ എസ്.ടി.പി.യുടെ പണി പൂർത്തിയായിട്ടുണ്ട്.

മാവേലിക്കര മണ്ഡലം :- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി വയ്യാങ്കര ച്ചിറയിൽ മൈക്രോ ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചെങ്ങന്നൂർ മണ്ഡലം :- മെഗാടൂറിസം സർക്യൂട്ടിന്റെ ഭാഗമായി കതിരവട്ടം ചിറയിൽ മൈക്രോ ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പാണ്ടനാട് ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ടെണ്ടർ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം മണ്ഡലം :- ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഹരിപ്പാട് മണ്ഡലം :- കുമാരകോടിയിൽ കുമാരനാശാൻ സ്മാരകത്തോടു ചേർന്ന് ലിറ്ററി ടൂറിസം ഡെസ്റ്റിനേഷൻ സ്ഥാപിക്കുന്ന പദ്ധതിയും ചുണ്ടൻ വള്ളങ്ങളുടെയും വള്ളപ്പുരകളുടെയും നവീകരണത്തിനായുള്ള പദ്ധതിയും പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) 2014-15 വർഷത്തിൽ മാവേലിക്കര മണ്ഡലത്തിൽ പുതിയ പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല.

നിളയുടെ ടൂറിസം സാധ്യതകളെ സംബന്ധിച്ച് മാസ്റ്റർ പ്ലാൻ

221 (8282) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ നിളയുടെ ടൂറിസം സാധ്യതകളെ സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ചെലവുകൾക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയോ എന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) GITPAC International, Thiruvananthapuram എന്ന ഏജൻസിയെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി 30,00,976 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.